**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5320 — 26.03.2018-ൽ മറുപടിക്ക്

## നടുവിൽ ഗവൺമെന്റ് പോളി ടെക്നിക് ആരംഭിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. ജോസഫ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഇരിക്കൂർ മണ്ഡലത്തിലുള്ള നടുവിൽ ഗവൺമെന്റ് പോളിടെക്നിക് അടുത്ത അധ്യയന വർഷമെങ്കിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) എ.ഐ.സി.ടി.ഇ.യുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ നടുവിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജ് ആരംഭിക്കുന്ന വിഷയം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) എ.ഐ.സി.ടി.ഇ. മാനദണ്ഡ പ്രകാരം പോളിടെക്നിക്കിന് ആവശ്യമായ സ്ഥലം & ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലത്തു നിന്നും നീക്കി വച്ച്, ഉടമാവകാശം കൈമാറാൻ 16.03.2016 ൽ മന്ത്രിസഭ കൈക്കൊണ്ട തീരുമാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;<br>(സി) ഇത് നടപ്പിലാക്കാൻ അനുകൂലമായ തീരുമാനം കാബിനറ്റ് സബ് കമ്മിറ്റിയും തുടർന്ന് കാബിനറ്റും കൈക്കൊണ്ടിട്ടുണ്ടോ; | (ബി) (സി) കണ്ണൂർ ജില്ലയിലെ നടുവിൽ പുതിയതായി ആരംഭിക്കാൻ പ്രഖ്യാപിച്ച ഗവൺമെന്റ് പോളിടെക്നിക് കോളേജിനു വേണ്ടി തളിപ്പറമ്പ് താലൂക്കിൽ ന്യൂ നടുവിൽ വില്ലേജിൽ R.S. No. 306 -ൽ 2.064 ഹെക്ടർ സ്ഥലവും അവിടെ സ്ഥിതി ചെയ്യുന്ന ടെക്നിക്കൽ ഹൈസ്കൂളിന്റെ അധീനതയിലുള്ള കെട്ടിടങ്ങളും നടുവിൽ പോളിടെക്നിക് കോളേജ് സ്പെഷ്യൽ ഓഫീസർക്ക് കൈമാറ്റം ചെയ്യുന്ന വിഷയം 16.3.2016 തീയതിയിലെ മന്ത്രിസഭാ യോഗത്തിൽ OA ആയി ഉൾപ്പെടുത്തുകയും ഇനം. നം. 8766 പ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയ്ക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഫയൽ ഇലക്ഷൻ കമ്മീഷനിലേയ്ക്ക് അയച്ചപ്പോൾ തെരഞ്ഞെടുപ്പ് നടപടിക്രമം കഴിയും വരെ കാത്തിരിക്കേണ്ടതാണെന്ന് അറിയിച്ചതിനെ തുടർന്ന് ആയതിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല.<br>ടി വിഷയം കഴിഞ്ഞ സർക്കാരിന്റെ 01.01.2016 നു ശേഷം സ്വീകരിച്ച മന്ത്രിസഭാ യോഗ തീരുമാനങ്ങൾ പരിശോധിക്കാനായി രൂപീകരിച്ച മന്ത്രിസഭാ |

| | | |
|---|---|---|
| | | സബ്കമ്മിറ്റിയുടെ പരിഗണനാ വിഷയ ത്തിൽ ഉൾപ്പെട്ടിരുന്നു. മന്ത്രിസഭാ ഉപസമിതി റിപ്പോർട്ടിലോ പ്രസ്തുത റിപ്പോർട്ടിന്മേലുള്ള 14.3.2017 ലെ മന്ത്രിസഭാ യോഗ തീരുമാനത്തിലോ നടുവിൽ പോളിടെക്നിക് കോളേജിന് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ഉൾപ്പെടുത്തിയിരുന്നില്ല.<br>മന്ത്രിസഭാ സബ്കമ്മിറ്റി ശിപാർശ ചെയ്യാത്ത ബാക്കിയുള്ള തീരുമാനങ്ങൾ അപ്രകാരം തന്നെ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും എന്നാൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് തീരുമാനങ്ങളിൽ നിയമപരമായോ മറ്റോ അപാകതകൾ ഉണ്ടോ എന്ന് വകുപ്പ് സെക്രട്ടറിമാർ ഒരിക്കൽക്കൂടി പരിശോധി ക്കേണ്ടതാണെന്ന് പൊതുഭരണ (എസ്.സി) വകുപ്പിൽ നിന്നും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 16.3.2016 തീയതി യിലെ മന്ത്രിസഭാ യോഗ തീരുമാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | വകുപ്പ് ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഡി) നടുവിൽ ഗവൺമെന്റ് പോളിടെക്നിക്ക് ആരംഭിക്കുന്നതിനായി സർക്കാർ ഉത്തരവ് (കൈ) നം. 229/2015/ഉവിവ തീയ്യതി 03.06.2015 പ്രകാരം സ്പെഷ്യൽ ആഫീസറായി മട്ടന്നൂർ സർക്കാർ പോളിടെക്നിക് കോളേജിലെ പ്രിൻസിപ്പാ ളായ ശ്രീ. എം.സി. പ്രകാശിനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ